To
FMIS
[signature] PRO

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
### തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി: 08.08.2019

### വന അദാലത്ത് :
### സംസ്ഥാനതല ഉദ്ഘാടനവും തിരു. ജില്ലാ അദാലത്തും ഇന്ന് (ആഗസ്റ്റ് 9)

വനം വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട പരാതികൾക്ക് അടിയന്തിര പരിഹാരം കാണുന്നതിനായി വകുപ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്ന വന അദാലത്തുകൾക്ക് ഇന്ന് (ആഗസ്റ്റ് 9 ) തുടക്കമാകും. സംസ്ഥാനതല ഉദ്ഘാടനവും തിരുവനന്തപുരം ജില്ലാ അദാലത്തും ഇന്ന് നെടുമങ്ങാട് മുനിസിപ്പൽ ടൗൺഹാളിൽ നടക്കും.രാവിലെ 10 ന് വനംമന്ത്രി അഡ്വ കെ. രാജു അദാലത്ത് ഉദ്ഘാടനം ചെയ്യും.

പട്ടയ സംബന്ധമായ പരാതികൾ ഒഴികെ വനം വകുപ്പുമായി ബന്ധപ്പെട്ട് ആഗസ്റ്റ് 2 വരെ സമർപ്പിച്ച പരാതികളാണ് അദാലത്തിൽ പരിഗണിക്കുക. ഉച്ചക്ക് ഒരു മണിക്ക് അദാലത്ത് സമാപിക്കും. കഴിയുന്നത്ര പരാതികൾ അദാലത്തിൽ തീർപ്പാക്കുന്നതിന് കൃഷി, തദ്ദേശസ്വയം ഭരണം, ആദിവാസിക്ഷേമം തുടങ്ങിയ വകുപ്പുകളും അദാലത്തിൽ പങ്കെടുക്കും. സി ദിവാകരൻ എം എൽ എ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സഹകരണ ടൂറിസം ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ, ഡെപ്യൂട്ടി സ്പീക്കർ വി ശശി എന്നിവർ മുഖ്യാതിഥികളായിരിക്കും, എം പി മാരായ അടൂർ പ്രകാശ്, ഡോ ശശി തരൂർ, എം എൽ എ മാരായ സി കെ ഹരീന്ദ്രൻ, ഐ ബി സതീഷ്, കെ എസ് ശബരീനാഥൻ, ഡി കെ മുരളി, വി ജോയ്, അഡ്വ ബി സത്യൻ, വി. എസ്. ശിവകുമാർ, ഒ രാജഗോപാൽ, കെ ആൻസലൻ, എം വിൻസെന്റ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി കെ മധു, നെടുമങ്ങാട് മുനിസിപ്പൽ ചെയർമാൻ ചെറ്റച്ചൽ സഹദേവൻ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്രകുമാർ, ജില്ലാ കളക്ടർ കെ ഗോപാലകൃഷ്ണൻ, സബ്കളക്ടർ കെ ഇമ്പശേഖരൻ, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വനം വന്യജീവി , കൃഷി, ആദിവാസിക്ഷേമം തദ്ദേശസ്വയംഭരണ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിക്കും. മുഖ്യവനപാലകൻ പി കെ കേശവൻ സ്വാഗതവും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പത്മാമഹന്തി നന്ദി പറയും.

[signature]

ഡോ. അഞ്ജൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ